പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2739 19-07-11 ൽ മറുപടിക്ക്

വാണിജ്യ നികുതി വകുപ്പിന്റെ പ്രവർത്തനം

ചോദ്യം:

ശ്രീ.എം.വി.ശ്രേയാംസ് കുമാർ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാണിജ്യനികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

ഉത്തരം:

ശ്രീ.കെ.എം.മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അവതരിപ്പിച്ച ബഡ്ജറ്റിൽ വാണിജ്യ നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ തരം നികുതികളുടെ പിരിവിനെ സംബന്ധിച്ച നടപടികൾ മോണിറ്റർ ചെയ്യുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ധനകാര്യ വകുപ്പിൽ ഒരു പ്രത്യേകം സമിതി രൂപീകരിക്കാൻ ബഡ്ജറ്റിൽ പദ്ധതിയിട്ടിട്ടുണ്ട്. കമ്പോളത്തിൽ ക്രയവിക്രയം ചെയ്യുന്ന എല്ലാ സാധനങ്ങളുടെയും വിൽപന കണ്ണിയിൽ ഈടാക്കുന്ന വിലനിലവാരം സംബന്ധിച്ചുള്ള ഒരു വിവരശേഖരം ഉണ്ടാക്കുന്നതിനായി ഒരു വില നിരീക്ഷണ സമിതി ഉണ്ടാക്കുവാനും ശുപാർശ ചെയ്തിട്ടുണ്ട്. നികുതി ദായകരുടെയും കർഷക വ്യവസായ സമൂഹത്തിന്റെയും പരാതികൾ പരിഹരിക്കുന്നതിന് ധനകാര്യ മന്ത്രിക്ക് ഒരു വെബ്സൈറ്റും, കോൾ സെന്ററും സ്ഥാപിക്കുവാനും നിർദ്ദേശമുണ്ട്. കമ്പ്യൂട്ടർ മുഖേനയുള്ള റിട്ടേൺ സ്ക്രൂട്ടിനി അല്ലാതെ നികുതി നിർണ്ണയാധികാരിയുടെ സർട്ടിഫിക്കേഷൻ നിർബന്ധമാക്കാനും ഒരു ഓവർചെക്ക് സംവിധാനം നടപ്പിലാക്കുന്നതിനും പദ്ധതി യുണ്ട്. വ്യാപാരികൾക്ക് 'വിശ്വസ്ത താരം' (Star of Trust) സർട്ടിഫിക്കേഷൻ നൽകുന്ന പദ്ധതിയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

മൂല്യ വർദ്ധിത നികുതി നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കാതെ ഗണ്യമായ വ്യാപാരം നടത്തുന്ന സ്ഥാപനങ്ങളെ നികുതി ദായകരിൽ ഉൾപ്പെടുത്തുവാൻ ഈ വർഷം ഒരു രജിസ്ട്രേഷൻ യജ്ഞം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി വകുപ്പ് ഉദ്യോഗസ്ഥരെക്കൊണ്ട് street survey നടത്താനും പദ്ധതിയുണ്ട്.

നികുതി വെട്ടിപ്പിനുള്ള പ്രവണതകൾ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി ഒരു സംയോജിത ചെക്ക്പോസ്റ്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുവാനും ഇത്തരം വിവര വിശകലനങ്ങൾ നടത്തുവാൻ ഉതകുന്ന സംയോജിത ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുവാനും ബഡ്ജറ്റിൽ പദ്ധതിയിട്ടിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അതിർത്തി ചെക്ക് പോസ്റ്റിലൂടെ സംസ്ഥാനത്തിലേക്ക് കടന്നു വരികയും പോവുകയും ചെയ്യുന്ന ചരക്കുകളുടെ തത്സമയ സഞ്ചാര പഥം TIN/PIN ഡീലർമാരുടെ മൊബൈൽ ഫോണിൽ Alert Message SMS ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനം ഏർപ്പെടുത്താനും ബഡ്ജറ്റിൽ പദ്ധതിയിട്ടിട്ടുണ്ട്.

വിവിധ വകുപ്പുകൾ സംയോജിതമായി ചെക്ക് പോസ്റ്റിൽ വാഹന പരിശോധന നടത്തുന്നതിനുള്ള സംവിധാനം ആവിഷ്ക്കരിക്കാനും അതിന്റെ ഒരു പൈലറ്റ് പ്രോജക്ട് വാളയാറിൽ സ്ഥാപിക്കുവാനും പദ്ധതിയുണ്ട്. നികുതി വകുപ്പിന് കീഴിൽ വ്യാപാര വ്യവസായ വാണിജ്യ പ്രശ്ന പരിഹാര ബ്യൂറോ രൂപീകരിക്കുന്നതിനും ബഡ്ജറ്റിൽ പദ്ധതിയിട്ടിട്ടുണ്ട്.

കയറ്റുമതി ഇറക്കുമതി സുഗമമാക്കുന്നതിന് കേന്ദ്ര സംസ്ഥാന നടപടിക്രമങ്ങൾ സംയോജിപ്പിക്കുന്നതിനുവേണ്ടി സെൻട്രൽ എക്സൈസ്, കസ്റ്റംസ് അധികാരികളുടെ കീഴിലുള്ള കയറ്റുമതി കേന്ദ്രങ്ങളിൽ വാണിജ്യ നികുതി ഉദ്യോഗസ്ഥരെ വിന്യസിക്കുവാനും പദ്ധതിയുണ്ട്. എല്ലാ വിമാനത്താവളങ്ങളിലും പ്രധാന റെയിൽവേ സ്റ്റേഷനുകളിലും തുറമുഖങ്ങളിലും വാണിജ്യ നികുതി വകുപ്പിന്റെ ഫെസിലിറ്റേഷൻ സെന്ററുകൾ തുറക്കുന്നതിനുള്ള പദ്ധതിയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ആഡംബര നികുതി, കാർഷികാദായ നികുതി, മണിലെൻഡിംഗ് എന്നീ നിയമങ്ങൾ പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികൾക്കും ഇ-ഫയലിംഗ്, ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കാനും ബഡ്ജറ്റിൽ പദ്ധതിയിട്ടിട്ടുണ്ട്. |
| (ബി) | വയനാട് ജില്ലയിൽ വാണിജ്യനികുതി വകുപ്പിന്റെ എത്ര ഓഫീസുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; വാടക ഇനത്തിൽ എത്ര തുക പ്രതിവർഷം ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ; | (ബി) | 16 ഓഫീസുകൾ.<br>ഓഫീസ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | വയനാട് ജില്ലാ ആസ്ഥാനമായ കൽപ്പറ്റയിൽ വാണിജ്യനികുതി വകുപ്പിലെ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ? | (സി) | കൽപ്പറ്റ വില്ലേജിലെ ബ്ലോക്ക് 19ൽ സർവ്വേ നം. 94/2-ൽ ഉൾപ്പെട്ട0.0405 ഹെക്ടർ ഭൂമിയിൽ വാണിജ്യ നികുതി ഓഫീസ് സമുച്ചയം പണിയുന്നതിന് വേണ്ടി ഭൂമി കൈമാറ്റം ചെയ്തു കിട്ടുന്നതിനുള്ള തുടർ നടപടികൾ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | ഓഫീസ് | പ്രതിവർഷ വാടക |
|---|---|---|
| 1 | ഡെപ്യൂട്ടി കമ്മീഷണറുടെ കാര്യാലയം, കൽപ്പറ്റ | വാടക തീരുമാനിക്കപ്പെട്ടിട്ടില്ല |
| 2 | വാണിജ്യനികുതി ഓഫീസ്, വാറ്റ് സർക്കിൾ, കൽപ്പറ്റ | 23796 /- |
| 3 | കാർഷികാദായ നികുതി ഓഫീസ്, കൽപ്പറ്റ | |
| 4 | കാർഷികാദായ വാണിജ്യ നികുതി ഓഫീസ്, സുൽത്താൻ ബത്തേരി | 53580/- |
| 5 | വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, മുത്തങ്ങ | 18000/- |
| 6 | വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, നൂൽപ്പുഴ | 4920/- |
| 7 | വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, താളൂർ | വാടക തീരുമാനിക്കപ്പെട്ടിട്ടില്ല |
| 8 | വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, തോൽപ്പട്ടി | 42648/- |
| 9 | വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, ബാവലി | 7692/- |
| 10 | വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, നമ്പ്യാർകുന്ന് | 9000/- |
| 11 | വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, ലക്കിടി | 9336/- |
| 12 | വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, ബോയ്സ് ടൗൺ | വാടക തീരുമാനിക്കപ്പെട്ടിട്ടില്ല |
| 13 | വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, വെണ്ടോല | 10944/- |
| 14 | വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, വെള്ളച്ചാൽ | 4116/- |
| 15 | വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, അഞ്ചാംമൈൽ | 8412/- |
| 16 | വാണിജ്യ നികുതി ചെക്ക് പോസ്റ്റ്, ചുള്ളിയോട് | 3960/- |